22.07.2018

വിമർശകർ ക്ഷണിച്ചാലും ചിത്രങ്ങൾ പ്രദർശിപ്പിക്കാം : ആനന്ദ് പട്‌വർദ്ധൻ

തന്റെ ഡോക്യുമെന്ററികൾ പ്രദർശിപ്പിക്കുവാൻ ക്ഷണിക്കുന്നത് തന്റെ വിമർശകർ ആണെങ്കിലും അതിനു തയ്യാറാകുമെന്ന് ഡോക്യുമെന്ററി സംവിധായകൻ ആനന്ദ് പട്‌വർദ്ധൻ. ക്ഷണിക്കുന്നത് വിമർശകർ ആണെങ്കിൽ തന്റെ സംരക്ഷണം അവർ ഉറപ്പുവരുത്തണം എന്ന് മാത്രം. പൊതുവിൽ അങ്ങനെയുള്ള ക്ഷണങ്ങൾ ഒന്നും തന്നെ ഒഴിവാക്കാറില്ലന്നും അതിൽ ചേരിയെന്നോ നഗരമെന്നോ തനിക്ക് വേർതിരിവില്ലെന്നും അദ്ദേഹം വ്യക്തമാക്കി. രാജ്യാന്തര ഡോക്യുമെന്ററി ഹ്രസ്വ ചലച്ചിത്രമേളയുടെ ഭാഗമായി നടന്ന 'ഇൻ കോൺവെർസേഷൻ' പരിപാടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ചലച്ചിത്ര അക്കാദമി വൈസ ചെയർപേഴ്സൺ ബീന പോൾ മോഡറേറ്ററായിരുന്നു.

സാമൂഹ്യവിഷയങ്ങൾ പങ്കുവയ്ക്കാൻ മ്യൂസിക് വീഡിയോകൾ ശക്തമായ മാധ്യമം

സ്ത്രീശാക്തീകരണം ഉൾപ്പെടെയുള്ള സാമൂഹിക വിഷയങ്ങൾ പങ്കുവെയ്ക്കാൻ തങ്ങളുടെ മാധ്യമം ശക്തമായ ഉപാധിയാണെന്ന് മ്യൂസിക് വീഡിയോ സംവിധായകർ. സംഗീതത്തിന മാത്രം പ്രാധാന്യം നൽകിയിരുന്ന മ്യൂസിക് വീഡിയോകളുടെ കാലം കഴിഞ്ഞു. ശക്തമായ പ്രമേയങ്ങളുടെ അവതരണരംഗമാക്കി അതിനെ മാറ്റാൻ സാധിക്കുമെന്ന് തെളിയിക്കാനാണ് തങ്ങൾ ചിത്രങ്ങളിലൂടെ ശ്രമിച്ചതെന്നും അവർ പറഞ്ഞു. മേളയോട് അനുബന്ധിച്ച് നടന്ന മുഖാമുഖം പരിപാടിയിൽ പങ്കെടുക്കുകയായിരുന്നു മ്യൂസിക് വീഡിയോ സംവിധായകർ.

ഭാഷാഭേദമന്യേ ആശയങ്ങൾ പങ്കുവെയ്ക്കാൻ സംഗീതം പോലെ തന്നെ മികച്ച മാധ്യമങ്ങളിലൊന്നാണ് മ്യൂസിക് വീഡിയോയെന്നാണ് യുവ സംവിധായിക ശ്രുതി നമ്പൂതിരിയുടെ അഭിപ്രായം. സംസാരപരിമിതർ, സ്കൂൾ വിദ്യാർത്ഥികളുടെ പ്രശ്നങ്ങൾ തുടങ്ങിയ വിഷയങ്ങളാണ് മേളയിൽ അവതരിപ്പിച്ച വീഡിയോകൾ പ്രമേയമാക്കിയത്. വീഡിയോകളെല്ലാം സമൂഹത്തിന്റെ പരിച്ഛേദമെന്ന നിലയിലാണ്

അവതരിപ്പിച്ചതെന്ന് 'മോർ ദാൻ സൈലൻസി'ന്റെ സംവിധായകൻ ആനന്ദ് പി. മോഹൻ പറഞ്ഞു. സുബീഷ് സുധാകരൻ, റാഫി, ദിഗന്ത് ഗൗതം, ആസാദ് ശിവരാമൻ, നടൻ രാഘവൻ, ഹർഷിദ് പച്ചൗരി തുടങ്ങിയവർ പങ്കെടുത്തു.

ഡോക്യൂമെന്ററികൾക്ക് ബൗദ്ധികമായ പിന്തുണ ലഭിക്കുന്നില്ലെന്ന് സമീറ ജെയിൻ

സാമ്പത്തികമോ ബൗദ്ധികമോ ആയ പിന്തുണ ഡോക്യൂമെന്ററികൾക്ക് ലഭിക്കുന്നില്ലെന്ന് സമീറ ജെയിൻ .മേളയുടെ എഡിറ്റിംഗ് ഫോർ ഡോക്യുമെന്ററി എന്ന മാസ്റ്റർ ക്ലാസ്സിലാണ് ഇക്കാര്യം പങ്കുവെച്ചത്.

കാച്ചിക്കുറുക്കി പറയുക എന്ന സമീപനമാണ് എഡിറ്റിംഗിൽ സ്വീകരിക്കേണ്ടത്. ദൃശ്യങ്ങളെ മുൻധാരണകളോടെ സമീപിക്കാതെ അവ എന്ത് പറയുന്നു എന്നാണ് ശ്രദ്ധിക്കേണ്ടതെന്നും അവർ പറഞ്ഞു. ചലച്ചിത്ര അക്കാദമി ചെയർമാൻ കമൽ, വൈസ്ചെയർ പേഴ്സൺ ബീനാ പോൾ എന്നിവർ പങ്കെടുത്തു.

അവസാനിച്ചു